# EID-UL-FITR SERMON / ചെറിയ പെരുനാൾ ഖുത്തുബ 06/07/2016

## (01 SHAWWAL 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

ഹസ്രത് ഖലീഫത്തുല്ലാഹ് സലാമിനു ശേഷം, എല്ലാവർക്കും ഈദാശംസകൾ നേർന്ന ശേഷം, തശഹ്ഹുദ്, തഅവ്വദ്, സൂറ അൽഫാത്തിഹായ്ക്ക് ശേഷം ഈദ് ഖുത്തുബ ആരംഭിച്ചു. ഞാൻ എടുത്തു പറയുവാൻ ആഗ്രഹിക്കുന്ന ഒന്നാമത്തെ കാര്യം, നാം റമദാൻ മാസത്തിൽ ചെയ്ത എല്ലാ പ്രയത്നങ്ങൾക്കും ഒരേയൊരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് തഖ്‌വയാകുന്നു. (അല്ലാഹുവിനെ ഭയപ്പെടുക, ഈശ്വര ഭക്തിയുണ്ടാവുക) ഈ ഭയം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായിമാറിയിട്ടുണ്ടെങ്കിൽ, അതിന്റെ അർത്ഥം വ്രതാനുഷ്ഠാന മാസം സമ്പൂർണ്ണവിജയമായി തീർന്നിരിക്കുന്നു എന്ന് സാരം. ഈ മഹത്തായ വിജയത്തിന്റെ ഫലങ്ങൾ വരും വർഷം മുഴുവൻ പറിച്ചെടുക്കുവാൻ നമുക്ക് സാധിക്കുന്നതാണ്. റമദാന് അതിന്റേതായ ഒരവസാനമില്ല. ചിലർക്ക് അതൊരു ആരംഭമാണ്, മറ്റു ചിലർക്ക് അതൊരു തുടർച്ചയാണ്, രക്ഷിതാവിനോടുള്ള ഭയാവസ്ഥ അരക്കിട്ടുറപ്പിക്കിലാണ്. അതുകൊണ്ട് അതിന്റെ കൊയ്ത്തുകാലം എന്നും നിലനിൽക്കുന്നതാണ്. ജീവിക്കുക അല്ലെങ്കിൽ മരിക്കുക എന്നത് അല്ലാഹുവിന്റെ വിധിയെ മാത്രം ആശ്രയിച്ചു നിലകൊള്ളുന്ന ഒരു കാര്യമാണ്. എന്നാൽ അവൻ നമ്മെ ഉപദേശിക്കുന്നു, നമ്മുടെ ആത്മാവ് നമ്മെ വിട്ടുപിരിയുമ്പോൾ, നാം പരിപൂർണ്ണമായും അവന് കീഴ്പ്പെട്ടവനായിട്ടാണ് പോകുന്നത് എന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇതുകൊണ്ട് അർത്ഥമാക്കുന്നത് നാം എപ്പോഴും ഈ ഒരു അവസ്ഥയിൽ, അവന് സമർപ്പിക്കപ്പെട്ടവനായ അവസ്ഥയിൽ ആയിരിക്കണം നിലകൊള്ളേണ്ടത് എന്ന് സാരം. ഒരു വിശ്വാസി, അവൻ സർവ്വശക്തനുമായി സദാസമയവും ചേർന്ന് നിൽക്കുന്നവനാണ്, എന്ന പരിശുദ്ധ ഉടമ്പടി, അവൻ എപ്പോഴും ആദരിക്കേണ്ടതാണ്. അല്ലാഹുവിന്റെ ജമാഅത്തിനകത്ത് യാതൊരു അനൈക്യവും ഒരു സാഹചര്യത്തിലും അവൻ സൃഷ്ടിക്കുകയില്ലായെന്ന ഉടമ്പടിയും മറന്നു പോകരുത് ! ഈ വിഷയം സംബന്ധമായി നമുക്ക് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഏതാനും വചനങ്ങൾ നോക്കാം. 1. ഹസ്രത് സഅ്ദ് ഇബ്ന് അബീവഖാസ് (റ) വിവരിക്കുന്നു പ്രവാചകൻ (സ) പറയുന്നതായി അദ്ദേഹം കേട്ടു. അതായത് സ്വന്തം ശരീരേച്ഛകളെ നിയന്ത്രിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു, അധമവികാരമില്ലാത്തവരെയും അല്ലാഹു സ്നേഹിക്കുന്നു, ഈ ലോകത്തിലെ മഹത്വത്തെ അന്വേഷിക്കാത്തവരെയും അല്ലാഹു സ്നേഹിക്കുന്നു, ഏകാന്ത ജീവിതം നയിക്കുന്നവരെയും അല്ലാഹു സ്നേഹിക്കുന്നു. (സഹീഹ് മുസ്ലീം) 2. ഹസ്രത് ആയിശാ (റ) പറഞ്ഞു. പരിശുദ്ധ പ്രവാചകൻ (സ) യുടെ കണ്ണുകളിൽ, ഏറ്റവും കൂടുതൽ വിലയുള്ളതായി കണ്ടിട്ടുള്ളത്, അല്ലാഹുവിനെ ഭയപ്പെടുന്നവരെയാണ്; മറ്റൊന്നുമായിരുന്നില്ല. (മുസ്നദ് അഹ്മദ് ഇബ്നു ഹമ്പൽ) അല്ലാഹു സ്നേഹിക്കുന്നവനെ, പ്രവാചകൻ (സ) യും സ്നേഹിക്കുന്നു. അതാണ് ഈ ഹദീസുകൾ നൽകുന്ന സന്ദേശം.

അല്ലാഹുവിന്റെയും പ്രവാചകൻ (സ) യുടെയും സ്നേഹം നമ്മിലേക്ക് ആകർഷിക്കാൻ, നമുക്ക് വേണ്ടത് അല്ലാഹുവിനോടുള്ള ഭയമാണ്. പ്രവാചകൻ (സ) അല്ലാഹുവിനോട് വളരെയധികം സ്നേഹം പ്രകടിപ്പിച്ചിരുന്നു. അതുപോലെ ധർമ്മനിഷ്ഠയ്ക്കായി വളരെയധികം പ്രാർത്ഥിച്ചിരുന്നു. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹം ഒരുവന് മതിയായ കാര്യമാണ്. ഈ ലോക മഹത്വാന്വേഷണം വ്യർത്ഥമായ കാര്യമാണ്. ഞാൻ മുകളിൽ സൂചിപ്പിച്ച രണ്ട് ഹദീസുകൾ ഒരുവൻ അപഗ്രഥിച്ചാൽ മനസ്സിലാകും, അവ രണ്ടും നമ്മെ വ്യക്തമായും ചൂണ്ടി കാണിക്കുന്നത്, അല്ലാഹുവിനെ ഭയപ്പെടുന്നവരോട്, അവൻ സ്നേഹമസൃണമായി നോക്കുന്നു. ആദ്യകാല വിശ്വാസികളോടെന്ന പോലെ, വിധിനാൾ വരേക്കും ! അല്ലാഹുവിന്റെ ഇച്ഛയാൽ, ഇത് സാധ്യമാകുന്നതാണ് എന്ന് തന്റെ സമുദായത്തെ അറിയിച്ചിട്ടുള്ളതാകുന്നു. വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ, പറഞ്ഞു. മനുഷ്യന്റെ ആത്മീയ സൗന്ദര്യം മുഴുവൻ തഖ്‌വ എന്ന ഏറ്റവും ചെറിയ വഴികളിലൂടെ കണ്ടെത്താവുന്നതാണ്. അദ്ദേഹം പറഞ്ഞു. **“ അല്ലാഹു എന്നോട് പറഞ്ഞു. തഖ്‌വ (അല്ലാഹുവിനോടുള്ള ഭയം) ഒരു ചെടിയാണ്. മനുഷ്യ ഹൃദയങ്ങ**

**ളിൽ അതിന്റെ വേരുകൾ ആഴ്ന്നിറങ്ങേണ്ടതാണ്."**

നാം സ്വയം സത്യപാതയിലൂടെ ഗമിക്കുന്നില്ലെങ്കിൽ, നല്ല വാക്കുകൾകൊണ്ട് എന്ത് നേടുവാനാണ് ? നാം പറയുന്നത് നാം പ്രവർത്തി പഥത്തിൽ കാണിക്കണം. ഒരു നല്ല പ്രവർത്തി ചെയ്യുവാൻ, ഒരു നല്ല ഉദ്ദേശ്യം, ആരാണോ കൈക്കൊള്ളുന്നത് അവനത് കൃത്യമായി നിർവ്വഹിച്ചിരിക്കണം. അതിന് സാക്ഷിയായും പിൻതാങ്ങുന്നവനായും അല്ലാഹുവിനെ സ്വീകരിക്കണം. ആത്മാർത്ഥതയോടെ അല്ലാഹുവിനെ അന്വേഷിക്കുന്നവന്, അവൻ വയ്ക്കുന്ന ഓരോ ചവിട്ടടിയും, അവനെ അവന്റെ ലക്ഷ്യത്തിലേക്ക് മുന്നോട്ട് നയിക്കുന്നതാണ്. അവൻ നേരിടുന്ന ഓരോ പുതുദിനവും, പിന്നിട്ട ദിനത്തെക്കാൾ ഭാസുരമായിരിക്കും. തഖ്വ ഇല്ലാതെയുള്ള എല്ലാ പ്രവർത്തനവും വ്യർത്ഥമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യ നിലനിൽപ്പിന്റെ സത്ത തഖ്വ ആകുന്നു. ചെറിയപെരുനാളിനെക്കുറിച്ച് പറഞ്ഞാൽ, അതൊരു സന്തോഷദായകമായ ആഘോഷം തന്നെയാണ്; പാപമോചന സമ്മാനവുമാണ്. ഈദുൽ ഫിത്ർ ആഘോഷിക്കുന്നത് ശവ്വാൽ 1-ാം തീയതിയാണ്. അത് ശവ്വാൽ മാസപ്പിറവിയുടെ ദൃശ്യാരംഭത്തോടെ ആരംഭിക്കുന്നു. പരിശുദ്ധ റമദാൻ മാസത്തിന്റെ വ്രതാനുഷ്ഠാന പൂർത്തീകരണത്തിന്റെ അടയാളമാണത്. ഈദുൽ ഫിത്ർ ഒരാഘോഷ സന്ദർഭം മാത്രമല്ല, മുസ്ലീം സമുദായം പരസ്പരം പങ്കെടുക്കുന്ന മുഹൂർത്തം കൂടിയാണ്. ഈദാഘോഷം സന്തോഷം പങ്കിടുന്നദിനമാണ്, അഭിനന്ദനങ്ങൾ കൈമാറുന്ന ദിനമാണ്, മാപ്പ് ചെയ്യുന്ന ദിനമാണ്, അങ്ങനെ സാഹോദര്യം ഊട്ടി ഉറപ്പിക്കുന്ന ദിനമാണ്, മറ്റുള്ളവരുമായി ഏകമതീഭാവം സ്ഥാപിക്കുന്ന ദിനം കൂടിയാണ്. പെരുനാൾ ദിനത്തിൽ, പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും, പുതു വസ്ത്രങ്ങളണിഞ്ഞ്, അഥവാ പുതുവസ്ത്രങ്ങൾ ഇല്ലെങ്കിൽ കഴുകിത്തേച്ച വസ്ത്രങ്ങൾ അണിഞ്ഞ്, അതിരാവിലെ തന്നെ പള്ളിയിലേക്ക് മുസ്ലീങ്ങൾ നിർബന്ധമായും പ്രത്യേക നമസ്ക്കാരത്തിനായി (സ്വലാത്തുൽ ഫിത്ർ) പോകുന്നു. ഇതിനു മുമ്പ്, സക്കാത്ത് വിതരണം ചെയ്യേണ്ടതാണ്. (പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും നൽകുന്ന നിർബന്ധ സംഭാവനകൾ) അത് ഇസ്ലാമിന്റെ സ്തംഭങ്ങളിൽ ഒന്നാണ്.

സന്തോഷ നിമിഷങ്ങളിൽപ്പെട്ട ഒന്ന്, ഈദാഘോഷ ദിനത്തിൽ, ബന്ധുക്കളെയും കൂട്ടുകാരെയും സന്ദർശിക്കുന്നതിനുള്ള സമ്പൂർണ്ണ അവസരം ലഭ്യമാകുന്നു എന്നതാണ്. കേക്കുകളും, സമോസയും മറ്റു പലഹാരങ്ങളും അതിഥികൾക്ക് പങ്കു വയ്ക്കാവുന്നതാണ്. വെർമ സെല്ലി അനേകം മുസ്ലീകൾ മുൻഗണന കൊടുക്കുന്ന മധുരമാണ്. ഈ ആഘോഷ ദിനത്തിലെ പ്രധാന ഭക്ഷണമായി ബിരിയാണി ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. വിശിഷ്യാ മൗറീഷ്യൻ (മുസ്ലീം) സംസ്കാരമായി. അങ്ങനെ റമദാൻ മാസം, ശക്തമായ പരിശീലന കാലം തന്നെയായിരുന്നു. കേഴ്വിയും, ദർശനവും, സംസാരവും, മനസ്സും എല്ലാം തികച്ചും നിയന്ത്രണ വിധേയമായിരുന്നു. ഒരു മാസം ലഭിച്ച ഈ പരിശീലനം വരുന്ന പതിനൊന്ന് മാസങ്ങളിൽ മാതൃകയായി കാത്തുസൂക്ഷിക്കണം. ഈ പരീക്ഷ നാം പാസായ ശേഷം, അല്ലാഹു (ത) നമുക്ക് ഒരു ഈദ് സമ്മാനമായി നൽകുന്നതാണ്. പുതുവസ്ത്രം അണിയുമ്പോൾ നാം അനുഭവിക്കുന്ന സന്തോഷത്തെക്കാൾ വലിയ സന്തോഷമായിരിക്കും നാം അനുഭവിക്കുക. തീർച്ചയായും, വസ്ത്രത്തിന് ഈദുമായി ചില ബന്ധങ്ങളുണ്ട്. എന്നാൽ നമ്മെ കാത്തിരിക്കുന്ന ഈദിന് വസ്ത്രവുമായി ബന്ധമില്ല. നല്ല വസ്ത്രങ്ങളണിയാൻ കഴിയാത്ത സാധുക്കളെക്കുറിച്ച് ചിന്തിക്കുക. ഏറ്റവും മനോഹരമായ വസ്ത്രം റമദാന് ശേഷം, ഈദുൽ ഫിത്ർ ആഘോഷ വേളയിലും അതിന് ശേഷവും, തഖ്വ ആകുന്നു. മനുഷ്യനെ അലങ്കരിക്കുന്ന ഏറ്റവും മനോഹരമായ വസ്ത്രം, ഭൗതികമായും ആത്മീയമായും അത് തഖ്വ തന്നെയാണ്. തഖ്വയുടെ അവസ്ഥയെ നാം ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്, അപ്പോൾ നമുക്ക് അതിന്റെ പ്രതിഫലം തുടർച്ചയായി കൊയ്തെടുക്കുവാൻ സാധിക്കുന്നതാണ്. ഈ പെരുനാൾ ദിനത്തിൽ ഞാൻ എല്ലാവർക്കും ഈദ് മുബാറക്ക് നേരുന്നു. ഈ ഈദ് മുഴു ലോകത്തിനും ഒരനുഗ്രഹമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*